# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3944** — **12.12.2018ലെ മറുപടിയ്ക്ക്**

### ഭാഷാന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

**ചോദ്യം**

**ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ**

(എ) സംസ്ഥാനത്ത് ഭാഷാന്യൂനപക്ഷങ്ങളുടെ വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മീഷന്റെ ചെയർമാൻ ആരാണ്; എവിടെയാണ് ഇതിന്റെ ഓഫീസ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; കമ്മീഷന്റെ തുടർ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

**ഉത്തരം**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

(എ)+(ബി)+(സി)

ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ കേരളത്തിലെ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യവുമായ പ്രശ്നങ്ങളും ഭാഷാന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ നിലവിലുള്ള പ്രയാസങ്ങളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം താലൂക്ക് കഴക്കൂട്ടം വില്ലേജിൽ മേനംകുളത്ത് സ്ഥിതിചെയ്യുന്ന ഇന്റർ നാഷണൽ സ്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ ട്രൈബൽ ബ്ലോക്കിലെ രണ്ട് മുറികൾ സ്പെഷ്യൽ ഓഫീസറുടെ കാര്യാലയമായി താൽക്കാലികമായി പ്രവർത്തിച്ചു വരുന്നു. ഡോ. നടുവട്ടം ഗോപാലകൃഷ്ണന് ഓഫീസ് സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ